# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 715.

14..07..2014-ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ | ബഹു: ഗ്രാമ വികസനവും, ആസൂത്രണ വും, സാംസ്കാരികവും, നോർക്കയും വകുപ്പ് മന്ത്രി |
| (എ) സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരംഭി ക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബ് ആരം ഭിക്കുന്നതിലേയ്ക്കായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് വിശദമായ പദ്ധതി രേഖയും എസ്റ്റിമേറ്റും തയ്യാറാക്കിയി ട്ടുണ്ട്. പദ്ധതിയ്ക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആസൂത്രണ വകു പ്പിന്റെ അനുമതി ലഭ്യമാക്കി പദ്ധതിക്ക് ഭര ണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശി ക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വികസന ക്ഷേമ സുരക്ഷിതത്വ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ വകുപ്പുകളെ സംബ ന്ധിച്ച വിവരങ്ങൾ, സർക്കാർ സംബന്ധി യായ കാര്യങ്ങൾ, നടപടി ക്രമങ്ങൾ, ഉത്തര വുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നേരിട്ടും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയും പൊതുജന ങ്ങൾക്ക് ലഭ്യമാക്കുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ഹെൽപ് ഡസ്ക് സർവ്വീസ്, സർക്കാർ പ്രസിദ്ധീകരണങ്ങൾ, ഗസറ്റുകൾ, മാധ്യമ വാർത്തകൾ, ഗ്രന്ഥങ്ങൾ എന്നിവ സംബന്ധിച്ച റഫറൻസ് സൗകര്യം, ടച്ച് സ്ക്രീനിലൂടെ വിവരങ്ങൾ അറിയുന്നതി നുള്ള സംവിധാനം, സർക്കാർ സംബന്ധി യായ വിവരങ്ങളും വാർത്തകളും 'വീഡിയോ ഡിസ്പ്ലേ യൂണിറ്റിലൂടെ' പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സംവിധാനം എന്നിവ നടപ്പിലാ ക്കാനാണ് സ്റ്റേറ്റ് ഇൻഫർമേഷൻ ഹബ്ബിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കു ന്നത് ആരെല്ലാമാണ് ; വിശദമാക്കുമോ ; | (സി) സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഐ.റ്റി. മിഷൻ, സാങ്കേതിക സഹായം ലഭ്യമാ ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് |

ശാസ്ത്ര സാങ്കേതിക വൈദഗ്ദ്ധ്യമുള്ള സ്ഥാപനങ്ങൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ സഹായത്തോടെയാണ് ടി പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

(ഡി) 25.11.2013-ൽ സ.ഉ.(സാധാ) നം. 459/13/ഐ&പി.ആർ. പ്രകാരം ഇൻഫർമേഷൻ ഹബ്ബിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മുൻ സാമ്പത്തിക വർഷം ഐറ്റി വകുപ്പ് പദ്ധതിയിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ ഈ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഐ.ടി. വകുപ്പിന്റെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ 17.06.2014-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇൻഫർമേഷൻ ഹബ്ബിന് പ്രത്യേക തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഫയൽ ധന വകുപ്പിന്റെ അനുമതിയ്ക്കായി നൽകുകയും ധന വകുപ്പ് അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്ലാനിംഗ് വകുപ്പിന്റെ അഭിപ്രായം കൂടി ലഭ്യമാക്കിയ ശേഷം ഇൻഫർമേഷൻ ഹബ്ബ് ആരംഭിയ്ക്കുന്നതിനുള്ള ഭരണാനുമതി നൽകി പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**